സ്കാർലെട് സെൻക്ലെയറിന്റെ എ ടച്ച് ഓഫ് ഡാർക്ക്നെസ്സ് എന്ന ഫാന്റസി നോവലിന്റെ ആസ്വാദനം ……
ചാപ്റ്റർ 5 (അഞ്ചാം അദ്ധ്യായം.The intrusion .)

(നീനാ പനക്കൽ)

ഹെയ്ഡിസിന്റെ ഡ്രൈവർ ഒരു ഒറ്റക്കണ്ണൻ ജയന്റ് ക്രീച്ചർ, സൈക്ലോപ്സ് ,(Cyclops) ആയിരുന്നു. "ലേഡീ പെർസെഫനി, ഹെയ്ഡിസ് പറഞ്ഞു: ഇത് ആന്റണി .എന്റെ ഡ്രൈവർ, നിങ്ങളെ സേഫ് ആയി വീട്ടിലെത്തിക്കും."

"മൈ ലേഡീ " ആന്റണി പെർസെഫനിയെ താണുവണങ്ങി.

കാറിലിരിക്കുമ്പോൾ അയാൾ ചോദിച്ചു.: മൈ ലേഡി, താങ്കൾ ഇനിയും ലോർഡ് ഹെയ്ഡിസിനെ കാണാൻ വരുമോ?

" വരുമെന്നാണ് തോന്നുന്നത്."

'വരണം ദേവി. താങ്കൾ ലോർഡ് ഹെയ്ഡിസിനെ വളരെ പ്ളീസിംഗ് ആയിട്ട് മനസ്സിലാക്കും. അദ്ദേഹം ഏകനാണ് .'

" ഓ , ഹെയ്ഡിസ് അത്ര ഏകനാണെന്ന് എനിക്ക് തോന്നുന്നില്ല."

' അത് ശരിയല്ല. അധോലോക രാജാവിന് ഒരു രാജ്ഞി വേണം.'

" ആന്റണി, നിങ്ങൾ എത്ര കാലമായി ഹെയ്ഡിസിനുവേണ്ടി ജോലി ചെയ്യുന്നു?"

'യുദ്ധകാലത്ത് മൂന്ന് പ്രധാന ദേവന്മാരും കൂടി ഞങ്ങളെ പ്പോലെയുള്ളവരെ മരണത്തിൽ നിന്നും , നരകത്തിൽ നിന്നും രക്ഷിച്ച അന്ന് മുതൽ. ഞങ്ങൾ ഹെയ്ഡിസരാജാവിനു വേണ്ടി ജോലി ചെയ്യുകയല്ല, അദ്ദേഹത്തെ സേവിക്കയാണ് . മറ്റു രണ്ട് രാജാക്കന്മാരിൽ നിന്നും വ്യത്യസ്തനാണ് അധോലോക രാജാവ്.'

അപ്പാർട്ട്മെന്റിനു മുന്നിൽ കാർ നിർത്തി ഒറ്റക്കണ്ണൻ രാക്ഷസൻ പെർസ്ഫനിയെ തൊഴുത് നിന്നു.

ആന്റണിയുടെ കുറ്റൻ ലെക്സസ് കണ്ട് ലക്സാ അതിശയിച്ചു. 'നമ്മുടെ കുഞ്ഞ് അപ്പാർട്ട്മെന്റിന് മുന്നിൽ ഒരു കുറ്റൻ ലെക്സസ്സോ? നീയിതിലെങ്ങനെ …?

" ഹെയ്ഡിസിന്റെ ഡ്രൈവർ എന്നെ ഇവിടെ കൊണ്ടുവന്ന് വിട്ടു. "

'നീ ഹെയ്ഡിസിനെ കണ്ടോ? ലക്സാ അമ്പരന്നു.' അയാൾ അതിസുന്ദരനാണോ?ഹെയ്ഡിസിനെഎപ്പോൾ എങ്ങനെ കണ്ടു ?

(തലേന്ന് നെവർ നൈ റ്റിൽ ചൂതുകളിമുറിയിൽ വച്ച് ഹെയ്ഡിസിനെ കണ്ട കാര്യം ലെക്സായോട് അവൾ പറഞ്ഞിരുന്നില്ല.)

" എവിടെ തുടങ്ങണമെന്ന് എനിക്കറിയില്ല"

' കണ്ണുകൾ തൊട്ട് തുടങ്ങു.'

എങ്ങനെ താൻ ആ കണ്ണുകളെ വർണ്ണിക്കും? അവളുടെ മനസ് പാറി.ഹെയ്ഡിസിനെ തനിക്ക് മാത്രമായി വേണം. ആ ദേവന്റെ പൂർണ്ണ രൂപം എങ്ങനെയായിരിക്കും? കൊമ്പുകൾ അയാളുടെ കണ്ണുകളെപോലെ കറുത്തതായിരിക്കുമോ? കൊമ്പുകൾ മുട്ടനാടിന്റേതുപോലെ ചുരുണ്ടിരിക്കുമോ അതോ നീളത്തിൽ മുകളിലേക്ക് വളർന്ന് അങ്ങേരുടെ ഉയരം വർധിപ്പിച്ചിരിക്കുമോ?

" ഹി ഈസ് ഹാൻഡ്സം , ഹി ഈസ് പവർ . പക്ഷെ അങ്ങേർ ചെയ്യുന്നതെല്ലാം ശരിയാണെന്ന് ഞാൻ അംഗീകരിക്കുന്നില്ല. ഹെയ്ഡിസ് മനുഷ്യരുമായി വാത് വക്കും, കള്ളക്കളിയിൽ അവരെ തോൽപ്പിക്കും, അവരുടെ ആത്മാക്കളെ തട്ടിയെടുക്കും."

'എന്തുകൊണ്ട് നിനക്ക് അവനെക്കുറിച്ച് എഴുതിക്കൂടാ?'

അതെ എന്തുകൊണ്ട് എനിക്ക് അയാളെക്കുറിച്ച് എഴുതിക്കൂടാ? മരണത്തിന്റെ ദേവൻ വസന്തത്തിന്റെ ദേവിയെ കണ്ടുമുട്ടിയതിൽ ഖേദിക്കാൻ പോകുന്നു. സ്വന്തമായി മാജിക് ഇല്ലെങ്കിലും തനിക്ക് എഴുതാൻ കഴിവുണ്ട്. പെർസെഫനി ഉള്ളിൽ ചിരിച്ചു.

'എന്താ മമ്മ എനിക്ക് മാജിക്ക് ഇല്ലാത്തത്" പെർസെഫനി ഒരിക്കൽ ചോദിച്ചു.

'വിധി ദേവതകൾ നിനക്ക് വേറൊരു പാതയാവും നിശ്ചയിച്ചിട്ടുള്ളത് .'

'വേറെ ഏതു പാത? എന്നെ കണ്ണാടിക്കൂട്ടിൽ അടച്ചിടുന്ന പാതയോ?'

' മാജിക്കിന്റെ പവർ ഇല്ലാത്ത നിനക്ക് ആപത്ത് ഒന്നും വരാതിരിക്കാനാണ് ഞാനങ്ങനെ ചെയ്യുന്നത്.'

പെട്ടെന്ന് ഡെമറ്റർ ദേവി അവളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. 'നീ എന്തിനാണ് നെവർ നൈറ്റിൽ പോയത്?' അവർ ശബ്ദമുയർത്തിചോദിച്ചു.

'ഞാനവിടെ ഒരു പാർട്ട് ടൈം ജോലിക്ക് അപേക്ഷിച്ചിരുന്നു. കിട്ടുകയും ചെയ്തു. ഇന്നും പോകണം .'

'അബ്സോല്യൂട്ലി നോട്ട് . ഞാൻ നിന്നോട് പറഞ്ഞിട്ടുള്ളതാണ് ദേവന്മാരോട് , വിശേഷിച്ചും ഹെയ്ഡിസിനോട് അടുക്കാൻ പോകരുതെന്ന്.'

'ഹെയ്ഡിസിനോട് മമ്മാക്ക് എന്തിനാണ് വെറുപ്പും വൈരവും ? ഹെയ്ഡിസ് എന്നെ എന്ത് ചെയ്യും? സെഡ്യൂസ് ചെയ്തു കളയുമോ? ഹാവ് സം ഫെയ്ത് ഇൻ മി മമ്മാ '

****

" ഞാൻ നവർനൈറ്റിൽ പോയത് മമ്മാ അറിഞ്ഞു." പെർസെഫനി ലക്സയോട് പറഞ്ഞു

" നീയൊരു അഡൽറ്റ് ആണെന്ന് നിന്റെ മമ്മക്ക് അറിഞ്ഞുകൂടെ? ഡോണ്ട് ലെറ്റ് ഹെർ കീപ് യു ഫ്രം ഡൂയിങ് വാട്ട് യു വാണ്ട്."

ലക്സാ പെർസെഫനിയുടെ ജോലിസ്ഥലം കാണാൻ എന്ന ഭാവത്തിൽ അവളോടൊപ്പം പോയി. സുന്ദരനായ അഡോണിസിനെ കാണുക എന്നതായിരുന്നു അവളുടെ ലക്ഷ്യം. അവളുടെ ആഗ്രഹം സാധിച്ചു. അയാളോടൊപ്പം ലഞ്ചിന് പോകാമെന്ന് സമ്മതിക്കുകയും ചെയ്തു.

അന്ന് പെർസെഫനി അഡോണിസിനോട് ചോദിച്ചു: "ആരെങ്കിലും ഹെയ്ഡിസിനെ ക്കുറിച്ച് എന്തെങ്കിലും എഴുതിയിട്ടുണ്ടോ?"

" എന്താ കാര്യം? അയാൾ അതിശയിച്ചു. "നിങ്ങൾക്ക് എഴുതണം എന്നുണ്ടോ? എന്റെ കൈയിൽ പഴയ കുറെ ലേഖനങ്ങൾ ഉണ്ട്. പക്ഷെ എഴുതിക്കഴിഞ്ഞു എന്നെ കൂടി കാണിക്കുമെങ്കിൽ മാത്രമേ ഞാൻ തരൂ "

എഴുപത്തിയേഴ് ലേഖനങ്ങൾ   അഡോണിസ് അവൾക്ക് അയച്ചു കൊടുത്തു.

എല്ലാമവൾ വായിച്ചു . ഇടയ്ക്ക് അഡോണിസ് വന്ന് അന്വേഷിച്ചു, 'ഏതെങ്കിലും ലേഖനം ഇഷ്ടമായോ?'

" എല്ലാം വായിച്ചു . എനിക്ക് ഹെയ്ഡിസിനെ ഇന്റർവ്യൂ ചെയ്യണം . അങ്ങേരുടെ ഭാഗം കൂടി എനിക്ക് കേൾക്കണം ."

' അയ്യോ' അയാൾ വായ് പൊളിച്ചു ''നിങ്ങൾ ഒറ്റയ്ക്ക് അവിടെ പോകണ്ട. ഞാനും കൂടെ വരാം.'

അഡോണിസും പെർസെഫനിയും നെവെർനൈറ്റിൽ എത്തി . അഡോണിസ് വാതിലിൽ പലതവണ മുട്ടിയിട്ടും തുറക്കാത്ത വാതിൽ പെർസെഫനി തൊട്ടപ്പോൾ തുറന്നു.

' ഇതെങ്ങനെ? 'അഡോണിസ് ചോദിച്ചു. പെട്ടെന്ന് മിൻതി അവിടെ എത്തി. പെർസെഫനിയെ കണ്ടതും അവളുടെ മുഖം കൂർത്തു .

' ഓ. മിൻതി !!. നിങ്ങൾ ഇവിടെ ?' അഡോണിസ് ചോദിച്ചു .

'ഞാൻ ലോർഡ് ഹെയ്ഡിസിന്റെ അസിസ്റ്റന്റ് ആണ് , ഇവിടെയാണ് ഞാൻ ജോലിചെയ്യുന്നത്.'

'ഇത് പെർസെഫനി .ഞങ്ങൾ ന്യൂ ഏതെൻസ് ന്യൂസിൽ നിന്നുമാണ് വരുന്നത്. പെർസെഫനിക്ക് ഹെയ്ഡിസ് നെ കാണണം. ഞാൻ കൂട്ടിനു വന്നതാണ് .'

'അപ്പോയ്ന്റ്മെന്റ് ഉണ്ടോ?' അവൾ ചോദിച്ചു.

'ഇല്ല. ' പെർസെഫനി ഗൗരവത്തിൽ പറഞ്ഞു. 'പക്ഷെ എനിക്ക് ഹെയ്ഡിസിനെ കണ്ടേ മതിയാവൂ. ഐ ഡിമാൻഡ്   ടു സ്പീക്ക് വിത്ത് ഹെയ്ഡിസ്.'

'യു ഡിമാൻഡ് ? ' മിൻതി പുച്ഛത്തിൽ ചോദിച്ചു., 'നിങ്ങൾ വന്നിരിക്കുന്നു എന്ന് ഞാൻ എന്റെ ലോർഡിനോട് പറയാം. അദ്ദേഹം നിങ്ങളെ ആട്ടിപ്പായിക്കുന്നത് കാണാമെന്ന സന്തോഷത്തോടെ. ഡിമാൻഡ് പോലും '

ഞാൻ ആരാണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ എന്റെ മുന്നിൽ നീ ഇങ്ങനെ ചന്തിയും കുലുക്കി നടക്കില്ലായിരുന്നു. പെർസെഫനി മുഖം കോട്ടി .

മിൻതി മുഖം കൂർപ്പിച്ച് മടങ്ങി വന്നു .'ഫോളോ മി ' അഡോണിസിനെയും പെർസെഫനിയേയും ഹെയ്ഡിസിന്റെ ഓഫീസ്മുറിയിൽ കൊണ്ടാക്കിയ ഉടൻ ഹെയ്ഡിസ് പറഞ്ഞു, "മിൻതി , നിനക്ക് പോകാം"

അവൾ പോയ ഉടൻ ഹെയ്ഡിസ് ചോദിച്ചു 'എന്താ കാര്യം?'

അഡോണിസിന്റെ മുഖം വിളറി. 'ഞാൻ പെർസെഫനിക്ക് കൂട്ടു വന്നതാണ് അവൾ എന്തോ ഇൻവെസ്റ്റിഗേറ്റ് ചെയ്യുന്നു.'

പേടിത്തൊണ്ടൻ . പെർസെഫനി മനസ്സിൽ പറഞ്ഞു. തന്റെ കൈയിലിരിക്കുന്ന ലിസ്റ്റ് ഹെയ്ഡിസിനെ കാണിച്ചിട്ട് അവൾ ചോദിച്ചു,' ഈ ആളുകളെ നിങ്ങൾക്കറിയാമോ?'

" എല്ലാ ആത്മാക്കളെയും എനിക്കറിയാം. എല്ലാ ആത്മാക്കളെയും ഓർമ്മയുമുണ്ട്."

'മനുഷ്യർക്കു ആഗ്രഹമുള്ളതെല്ലാം സാധിച്ചുകൊടുക്കാം എന്ന് ഏറ്റിട്ട് മനപ്പൂർവം അവരെ കളിയിൽ തോൽപ്പിക്കും ,അവരെ നശിപ്പിക്കും . അതല്ലേ നിങ്ങൾ ചെയ്തിരുന്നത്?'

" അവരെ ഡിസ്ട്രോയ് ചെയ്യുന്ന കാര്യങ്ങളെയാണ് ഞാൻ ചലഞ്ച് ചെയ്യുന്നത്.'

'നിങ്ങളാണ് ദേവന്മാരിൽ വച്ച് ഏറ്റവും മുട്ടാളൻ . നിങ്ങൾ കള്ളക്കളിയിൽ മനുഷ്യരെ തോൽപ്പിക്കും .എന്നിട്ട് അവരുടെ ആത്മാക്കളെ നരകത്തിൽ കൊണ്ടുപോകും.'

'പെർസെഫനി, വേണ്ട.' അഡോണിസ് വാണിംഗ് കൊടുത്തു.

ഹെയ്ഡിസ് അയാളുടെ കത്തുന്ന കണ്ണുകൾ കൊണ്ട് അഡോണിസിനെ നോക്കി. അഡോണിസ് ബോധമറ്റ് നിലത്ത് വീണു .

'എന്താ നിങ്ങൾ ഈ ചെയ്തത്?' പെർസെഫനി ഉച്ചത്തിൽ ചോദിച്ചു .

"ഇനി എനിക്ക് പറയാനുള്ളത് ഈ മോർട്ടൽ കേൾക്കണ്ടാ. നീ ഇവനെ ഇവിടെ കൊണ്ടുവന്നത് വലിയ തെറ്റായിപ്പോയി . ലേഡി പെർസെഫനി, നീ എന്നെക്കുറിച്ച് സ്റ്റോറി എഴുതാൻ പോകയാണല്ലേ? എന്നെ കണ്ടമാത്രയിൽ നിനക്കുണ്ടായ ഭാവമാറ്റങ്ങളെ കുറിച്ച് , നിന്റെ ശ്വാസം നിലച്ചു പോയതിനെക്കുറിച്ച് ....നീ എഴുതുന്നില്ലേ ? എന്റെ അതിർത്തിക്കകത്ത് കയറാനുള്ള അവകാശം ഞാൻ നിനക്ക് തന്ന വിധം നീ എഴുതുന്നില്ലേ? ഞാനുമായുള്ള കരാർ നീ ഓർക്കുന്നുണ്ടല്ലോ. ആറു മാസത്തേക്ക് നീ എന്റേതാണ്. അധോലോകത്ത് പൂന്തോട്ടം ഉണ്ടാകുന്നതുവരെ."

" നിങ്ങളെക്കുറിച്ച് എല്ലാവരും പറയുന്നത് സത്യമാണ് . നിങ്ങൾ കരുണയില്ലാത്ത, ക്രൂരനായ ഒരു ദൈവമാണ്. "

ഹെയ്ഡിസ് കൈ ഞൊടിച്ചു . അഡോണിസ് കണ്ണുതുറന്നു എഴുന്നേറ്റു .

" സോറി. വാട്ട് ഹാപ്പെൻഡ്?"

" എനിക്കിനി നിങ്ങളോട് ഒന്നും പറയാനില്ല. മിൻതി നിങ്ങൾക്ക് പുറത്തേക്കുള്ള വഴി കാട്ടിത്തരും. പിന്നെ പെർസെഫനി ഇന്ന് വൈകിട്ടത്തെ ഗസ്റ്റ്ലിസ്റ്റിൽ നിന്റെ പേരുമുണ്ട്."

പുറത്തേക്ക് നടക്കുമ്പോൾ അഡോണിസ് ചോദിച്ചു, 'പെർസെഫനി, നിങ്ങൾ ആകെ ഒരുവട്ടം മാത്രം ഹെയ്ഡിസിനെ കണ്ടു എന്നല്ലേ എന്നോട് പറഞ്ഞത്?'

'അതെ, അത്രേയുള്ളു.'

****